# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം. 2057 | 01.02.2018-ൽ മറുപടിയ്ക്ക്

കാസർഗോഡ് ജില്ലാ ആയുർവേദ ആശുപത്രി

| ചോദ്യം<br>ശ്രീ.എം.രാജഗോപാലൻ | | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലാ ആയുർവേദ ആശുപത്രി നൂറ് കിടക്കകളുള്ള ആശുപത്രിയായി ഉയർത്താൻ നടപടികൾ ഉണ്ടാകുമോ; | (എ) & (ബി) | കാസർഗോഡ് ജില്ലാ ആയുർവേദ ആശുപത്രി നിലവിൽ 50 കിടക്കകളുള്ള ആശുപത്രിയാണ്. നിലവിലുള്ള കെട്ടിടത്തിൽ നൂറ് കിടക്കകളായി ഉയർത്താനുള്ള സ്ഥലസൗകര്യമില്ല. കാസർഗോഡ് ജില്ലാ വികസന പദ്ധതിയിലുൾപ്പെട്ടുത്തി പ്രഭാകരൻ കമ്മിഷൻ റിപ്പോർട്ട് പ്രകാരം പുതിയ കെട്ടിടം പണിയുന്നതിന് നിലവിൽ 4 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണം പ്രാരംഭഘട്ടത്തിലാണ്. പണി പൂർത്തിയാക്കി ടി ആശുപത്രി നൂറ് കിടക്കളായി ഉയർത്താനുള്ള പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.<br>കൂടാതെ ടി ആശുപത്രിയുടെ ഭാവി വികസനത്തിന് ആവശ്യമായ സ്ഥലസൗകര്യങ്ങൾ ഒരുക്കുന്നതിനായി ഭൂമി വിട്ടുകിട്ടുന്നതിന് റവന്യൂ അധികാരികൾക്ക് കത്ത് നൽകിയിട്ടുണ്ട്. |
| (ബി) | എൻഡോസൾഫാൻ ദുരിത ബാധിതർ ഉൾപ്പെടെ ആശ്രയിക്കുന്ന പ്രസ്തുത സ്ഥാപനം കേരളത്തിലെ മറ്റ് ജില്ലാ ആയുർവേദ ആശുപത്രികളെ പോലെ തന്നെ നൂറു കിടക്കകളുള്ള ആശുപത്രിയായി ഉയർത്താൻ എന്താണ് തടസ്സമെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ